**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1529** **08-12-2022 - ൽ മറുപടിയ്ക്ക്**

**സ്കൂൾ കുട്ടികൾ ലൈംഗിക ചൂഷണത്തിന് ഇരയാകുന്ന സംഭവങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് സ്കൂൾ കുട്ടികൾ അദ്ധ്യാപകരിൽ നിന്നും മറ്റും ലൈംഗിക ചൂഷണത്തിന് ഇരയാകുന്നതായ വാർത്തകളെ ഗൗരവത്തോടെ കാണുന്നുണ്ടോ; ഇക്കാര്യത്തിൽ സ്വീകരിച്ചിട്ടുള്ള തുടർനടപടികൾ വ്യക്തമാക്കുമോ; | (എ) | ഗൗരവത്തോടെ കാണുന്നുണ്ട്. ഇത്തരം സംഭവമുണ്ടായാൽ പോലീസിൽ റിപ്പോർട്ട് ചെയ്യുകയും ആരോപണ ,വിധേയർക്ക് എതിരെ വകുപ്പുതല അച്ചടക്ക നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. |
| (ബി) | ഇത്തരം സംഭവങ്ങൾ ഉണ്ടാകുമ്പോൾ സ്കൂളിന്റെ സൽപേരിനെ ബാധിക്കുമെന്ന് പറഞ്ഞു കുട്ടികൾ പരാതി നൽകുന്നത് ഒഴിവാക്കുന്നതിനും സംഭവം മറച്ചുവെക്കുന്നതിനും സ്കൂൾ അധികൃതർ ബോധപൂർവ്വം ശ്രമം നടത്തുന്നത് തടയുവാൻ സ്വീകരിച്ച നടപടി വ്യക്തമാക്കുമോ; | (ബി) | പോക്സോ നിയമം സംബന്ധിച്ച് വ്യാപകമായ പ്രചാരണവുംബോധവത്കരണവുംഅദ്ധ്യാപകരിൽ നടത്തുന്നുണ്ട്. ഇത്തരം സംഭവങ്ങൾ<br><br>ഉണ്ടായാൽ സ്കൂൾ കൗൺസിലറെ അറിയിക്കുന്നതിനും പോലീസിൽ റിപ്പോർട്ട്<br><br>ചെയ്യുന്നതിനും സ്കൂൾ അധികൃതർക്ക് നിർദ്ദേശം നല്കിയിട്ടുണ്ട്. |
| (സി) | കുട്ടികളെ ലൈംഗിക ചൂഷണത്തിന് ഇരയാക്കിയതിനും; പരാതി മറച്ചുവെക്കുന്നതിന് ശ്രമിച്ചതിന്റെയും പേരിൽ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര സ്കൂൾ അധികൃതർക്ക് എതിരെ നടപടി സ്വീകരിച്ചിട്ടുണ്ട്; വിശദാംശം ലഭ്യമാക്കുമോ? | (സി) | കുട്ടികളെ ലൈംഗിക ചൂഷണത്തിന് ഇരയാക്കിയ സംഭവങ്ങൾ സ്കൂൾ അധികൃതർ മറച്ചു വെച്ചുവെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ആയത് പ്രകാരം ആർക്കുമെതിരെ നടപടി സ്വീകരിച്ചിട്ടില്ല കുട്ടികളെ ലൈംഗിക ചൂഷണത്തിന് ഇരയാക്കി എന്ന ആരോപണത്തിൻമേൽ 24 സ്കൂൾ ജീവനക്കാർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ